കളക്ടറേറ്റ് എറണാകുളം,
സിവിൽ സ്റ്റേഷൻ ബിൽഡിംഗ്, കാക്കനാട് - **682030**
ഇമെയിൽ : **nodalofficerekm.rev@kerala.gov.in**
e-Office CRU ID : **cru.dcekm@kerala.gov.in**
ഫോൺ: **0484-2422292,2422294**

| File :DCEKM/2857/2020-M1 | Date : 13-07-2026 |
|---|---|

## നോട്ടീസ്

വിഷയം: എറണാകുളം ജില്ലയിൽ **POCSO** നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളിൽ സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ താത്കാലികമായി നിയമിക്കുന്നത് - സംബന്ധിച്ച്

സൂചന: ആഭ്യന്തരം(എൽ)വകുപ്പിന്റെ **01/07/2026** തീയതിയിലെ **L4/78/2026-Home** നമ്പർ കത്ത്

എറണാകുളം ജില്ലയിൽ **POCSO** നിയമപ്രകാരമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതികളിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരുടെ താത്കാലിക തസ്തികകളിലേക്ക് നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് സൂചന പ്രകാരം സർക്കാർ നിർദ്ദേശം ലഭ്യമായിട്ടുള്ളതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിനായി തയ്യാറാക്കുന്ന പാനലിൽ ഉൾപ്പെടുന്നതിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും **BNSS** സെക്ഷൻ **18(4)**പ്രകാരം അപേക്ഷ ക്ഷണിക്കുന്നു. മേൽ നിർദ്ദേശ പ്രകാരം അപേക്ഷകൾ ബാർ അസോസിയേഷൻ മുഖാന്തിരം പ്രിൻസിപ്പൽ ജില്ലാ ജഡ്ജ്,എറണാകുളം മുമ്പാകെ **25/07/2026** തീയതി വൈകീട്ട് **5.00** മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.

**യോഗ്യത :**

**1)**അംഗീകൃത സർവ്വകലാശാലയിൽ നിന്നും നിയമബിരുദം നേടിയിട്ടുള്ളവരും ബാർ അസോസിയേഷൻ അംഗത്വം ഉള്ളവരുമായിരിക്കണം.

**2)**ഏതെങ്കിലും ക്രിമിനൽ കോടതികളിൽ ഏഴു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ്.

**3)**ഉദ്യോഗാർത്ഥികൾ അപേക്ഷയോടൊപ്പം യോഗ്യത തെളിയിക്കുന്ന എല്ലാ സർട്ടിഫിക്കറ്റുകളും(ആധാർ,ബയോഡാറ്റ, എസ് എസ് എൽ സി സർട്ടിഫിക്കറ്റ്,എൽ എൽ ബി എൽ എൽ എം സർട്ടിഫിക്കറ്റ്,എൻറോൾമെമെന്റ് സർട്ടിഫിക്കറ്റ്,ബാർ അസോസിയേഷൻ സർട്ടിഫിക്കറ്റ് ) ഹാജരാക്കേണ്ടതാണ്.

**4)** അപേക്ഷ **25/07/2026** തീയതി വൈകീട്ട് **5.00** നു മുൻപായി പ്രിൻസിപ്പൽ ജില്ലാ ജഡ്ജ്,എറണാകുളം സമർപ്പിക്കേണ്ടതാണ്.

Digitally signed by
MANOJ K
Date: 13-07-2026
18:48:37

**DEPUTY COLLECTOR**

ജില്ലാ കളക്ടർക്കുവേണ്ടി

പകർപ്പ്:
**1)** പ്രിൻസിപ്പൽ ജില്ലാ ജഡ്ജ് , എറണാകുളം
**2)**പ്രസിഡന്റ്, ബാർ അസോസിയേഷൻ മെയിൻ ഓഫീസ് ഹൈക്കോടതി /കണയന്നൂർ/കൊച്ചി / ആലുവ / പറവൂർ / കുന്നത്തുനാട് / മൂവാറ്റുപുഴ/ കോതമംഗലം

---

*This document is electronically approved in e-Office by* **MANOJ K** *on* **13-07-2026**. *Hence it does not require signature in ink.*